**മഹാത്മാഗാന്ധി സർവ്വകലാശാല ,കേരളം**

(സംഗ്രഹം)

അക്കാദമികം- പ്രൊഫഷണൽ കോഴ്സുകളല്ലാത്ത ബിരുദ പ്രോഗ്രാമുകൾക്ക് ഗ്രേസ്മാർക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവാകുന്നു.

**അക്കാദമിക് എ VIII സെക്ഷൻ**

നം. 5046/എസിഎ VIII/01/2018 തീയതി; പി.ഡി ഹിൽസ്, 22.06.2018

പരാമർശം :(1) 13.06.2018 ലെ 4789/എസിഎ VIII/01/2018 നമ്പർ സർവ്വകലാശാലാ ഉത്തരവ്.

(2) പ്രൊ വൈസ് ചാൻസിലറും സിൻഡിക്കേറ്റ് പരീക്ഷാ കമ്മിറ്റി കൺവീനറും പരീക്ഷാ വിഭാഗത്തിലെ (CBCSS) DR/ARs/SOs എന്നിവരുമായി 20.06.2018 ൽ നടത്തിയ മീറ്റിംഗിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

പരാമർശം (1) സർവ്വകലാശാലാ ഉത്തരവ് പ്രകാരം ഗ്രേസ്മാർക്ക് നൽകുമ്പോൾ നേരിടുന്ന സങ്കീർണതകൾ ഒഴിവാക്കുവാൻ, പ്രൊ വൈസ് ചാൻസിലറുടെ അധ്യക്ഷതയിൽ 20.06.2018 ൽ നടന്ന ചർച്ചയിൽ താഴെപ്പറയുന്ന ഭേദഗതികൾ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തു.

1. പെർഫോമൻസ് ഇയർ നിബന്ധന ഇല്ലാതെയും സെമസ്റ്റർ നിബന്ധനകളില്ലാതെയും NSS/Sports/NCC/Cultural Activities/differently abled എന്നീ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പെർഫോമൻസ് ഇയറിൽ ഗ്രേസ് മാർക്ക് ലഭിച്ച വിഷയങ്ങളിൽ പാസ് മിനിമത്തിൽ അധികമായി വരുന്ന ഗ്രേസ്മാർക്ക് പോർഷനിൽ നിന്ന് അതേ സെമസ്റ്ററിലോ മറ്റേതെങ്കിലും സെമസ്റ്ററുകളിലെയോ പരാജയപ്പെട്ട വിഷയങ്ങൾക്ക് ജയിക്കാൻ ആവശ്യമായ മിനിമം മാർക്ക് മാത്രം ലഭിക്കുന്ന വിധം പുനർവിതരണം ചെയ്യാവുന്നതാണ്.

2. മേൽ സൂചിപ്പിച്ച വിധം ഗ്രേസ്മാർക്ക് പുനർവിതരണം ചെയ്തിട്ടും ജയിക്കാത്ത വിഷയങ്ങളുണ്ടെങ്കിൽ അവയ്ക്ക് കൂടി പാസ് മിനിമം ലഭിക്കുന്നതിനായി അതാത് പാസ് ബോർഡുകൾ നിജപ്പെടുത്തിയ അർഹമായ മോഡറേഷൻ നൽകാവുന്നതാണ്.

3. ഗ്രേസ്മാർക്ക് പുനർവിതരണം ചെയ്യുമ്പോൾ ആദ്യം റെഗുലർ പരീക്ഷ (First appearance) മാത്രം പരിഗണിക്കുക. എന്നിട്ടും വിദ്യാർത്ഥി ജയിക്കുന്നില്ലെങ്കിൽ മാത്രം തുടർച്ചയായി വരുന്ന രണ്ട് പരീക്ഷാ അവസരങ്ങൾ കൂടി പരിഗണിക്കാവുന്നതാണ് .

4. ഗ്രേസ്മാർക്ക് പുനർവിതരണത്തിലൂടെ വിദ്യാർത്ഥി യു.ജി കോഴ്സിൽ whole pass നേടിയാൽ തുടർന്ന് വിദ്യാർത്ഥി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സപ്ലിമെന്ററി പരീക്ഷകളുടെയും രജിസ്ട്രേഷൻ റദ്ദു ചെയ്യാവുന്നതാണ്.

5. മേൽ സൂചന(1) ഉത്തരവിലെ ഖണ്ഡിക 1&2 പ്രകാരമുള്ള ഗ്രേസ്മാർക്ക് പുനർവിതരണത്തിനുള്ള നിർദ്ദേശം മേൽ വിവരിച്ച പ്രകാരം ഭേദഗതി ചെയ്യുവാൻ ശുപാർശ ചെയ്യുന്നു.

1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസിലർ മേൽപറഞ്ഞ ശുപാർശകൾ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു..

പരാമർശം (1) ഉത്തരവ് ഇതിനാൽ ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു.

(ഒപ്പ്)

**രമേഷ് നാരായൺ**

**അസിസ്റ്റന്റ് രജിസ്ട്രാർII ( അക്കാദമിക്)**

**രജിസ്ട്രാർക്ക് വേണ്ടി**

**പകർപ്പ്**,

(1) വൈസ് ചാൻസിലറുടെ /പ്രോ വൈസ് ചാൻസിലറുടെ പി എസ്
(2) രജിസ്ട്രാറുടെ /പരീക്ഷാ കൺട്രോളറുടെ പി എ
(3) എ .ആർ /ഡി .ആർ /ജെ.ആർ (അക്കാദമിക്/പരീക്ഷ)
(4) എസിസി സെക്ഷൻ
(5) ടാബുലേഷൻ സെക്ഷനുകൾ
(6) എൻ .എസ്:എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ
(7) SPESS/DSS
(8) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ (അപ് ലോഡ് ചെയ്യുന്നതിനായി )
(9) CETEX /സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
(10) പി.ആർ .ഒ /എൻക്വയറി
(11) കരുതൽ ഫയൽ /ഫയൽ പകർപ്പ്

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**

ഫയൽ നം. എസിഎ VIII/01/(ഇഎ II/253/2018)

2